## പുനരുത്ഥാനത്തിലുള്ള ക്രിസ്തു

**I. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു പുനരുത്ഥാനത്തിലാണ്**

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു,

- മരണത്തിലൂടെ ക്രിസ്തു മറ്റൊരു മണ്ഡലത്തിലേക്ക്, പുനരുത്ഥാനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിച്ചു
    - ക്രിസ്തു നശിപ്പിക്കാനാകാത്ത ജീവനാൽ ജീവിക്കുന്നവനായതുകൊണ്ട് മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിയുകയില്ല
- നാം ക്രിസ്തുവിനെ അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിലും, മണ്ഡലത്തിലും, മൂലകത്തിലും അറിയണം

ഫിലി. 3:10 ...അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും... അറിഞ്ഞ്

- ക്രിസ്തുവിന്റെ പുനരുത്ഥാനമായിരുന്നു അപ്പൊസ്തലന്മാരുടെ സാക്ഷ്യത്തിന്റെ കേന്ദ്രബിന്ദു

## ആരോഹണത്തിലുള്ള ക്രിസ്തു

**II. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു ആരോഹണത്തിലാണ്**

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും,...

- പുനരുത്ഥാനം ജീവന്റെ വിഷയമായിരിക്കുമ്പോൾ, ക്രിസ്തുവിന്റെ ആരോഹണം സ്ഥാനത്തിന്റെ ഒരു വിഷയമാണ്, സ്ഥാനം അധികാരത്തിന്റെ വിഷയമാണ്
- കർത്താവിന്റെ ആരോഹണം സ്വർഗത്തിലെ അവന്റെ ജീവിതത്തിലേക്കും ശുശ്രൂഷയിലേക്കുമുള്ള അവന്റെ പ്രാരംഭമായിരുന്നു; ഈ പ്രാരംഭം അവനെ ഒരു പുതിയ മണ്ഡലത്തിലേക്ക്, അതായത്, അവൻ ഇപ്പോൾ ജീവിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യുന്നിടമായ സ്വർഗത്തിലേക്ക് കൊണ്ടുവന്നു
- കർത്താവിന്റെ ആരോഹണം അവനെ ഒരു പുതിയ ഘട്ടത്തിലേക്ക്—ദൈവത്തിന്റെ ഭരണനിർവ്വഹണ ത്തിന്റെ കേന്ദ്രമായ സ്വർഗത്തിൽ ജീവിക്കുന്ന പുനരുത്ഥാനം ചെയ്ത ഒരു മനുഷ്യന്റെ ഘട്ടത്തിലേക്ക്—കൊണ്ടുവുന്നു

വെളി. 5:6 സിംഹാസനത്തിന്റെയും... നടുവിലും...ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന്... ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്

- ആരോഹണം ചെയ്ത ക്രിസ്തു സിംഹാസനവും തേജസ്സും പ്രപഞ്ചത്തിലെ എല്ലാ അധികാരവും കരസ്ഥമാക്കിയിരിക്കുന്നു
- ആരോഹണം ചെയ്ത ക്രിസ്തു സകലവും കൈവശ മാക്കുവാൻ സകലത്തിന്റെയും കർത്താവാണ്
- സുവിശേഷം പ്രചരിപ്പിക്കുന്നതിനും സഭ കെട്ടുപണി ചെയ്യുന്നതിനുമുള്ള ദൈവത്തിന്റെ നിയോഗം നിർവഹിക്കുന്ന ദൈവത്തിന്റെ അഭിഷിക്തനാണ് ആരോഹണം ചെയ്ത ക്രിസ്തു

## സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു

**III. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ്**

**പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു:**

- **ജീവന്റെ കാരണഭൂതൻ**
    - “കാരണഭൂതൻ” എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം സൂചിപ്പിക്കുന്നതുപോലെ, ക്രിസ്തു ജീവന്റെ ഉത്ഭവം, അഥവാ ഉത്ഭവിപ്പിക്കുന്നവൻ ആണ്; അവൻ ജീവന്റെ കാരണഭൂതൻ, മുഖ്യ നായകൻ ആണ്
    - ക്രിസ്തുവിനെ പ്രചരിപ്പിക്കുന്നതിന് ഈ നിലയിലുള്ള കർത്താവിനെ നമുക്ക് ആവശ്യമാണ്
- **ദൈവത്തിന്റെ ദാസൻ**
    - അബ്രാഹാമിന്റെ സന്തതിയും ദൈവത്തിന്റെ ദാസനുമെന്ന നിലയിൽ, ക്രിസ്തുവിൽ ഭൂമിയിലുള്ള എല്ലാ കുടുംബങ്ങളും—എല്ലാ വംശങ്ങളും, വർണ്ണങ്ങളും, ദേശക്കാരും—അനുഗ്രഹിക്കപ്പെടും
    - പെന്തക്കോസ്ത് നാളിൽ ദൈവം പകർന്നവനായ ആത്മാവ് ദൈവം ഉയിർപ്പിച്ചവനും സ്വർഗത്തിലേക്ക് ഉയർത്തപ്പെട്ടവനുമായ ക്രിസ്തുവായിരുന്നു
- **നായകനും രക്ഷകനും**
    - മനുഷ്യനായ യേശുവിനെ ദൈവം പരമോന്നത നായകനായും, ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ട ജനത്തെ രക്ഷിക്കാൻ രക്ഷകനായും ഉയർത്തി
    - നായകൻ അവന്റെ അധികാരത്തോടു ബന്ധപ്പെട്ടും, രക്ഷകൻ അവന്റെ രക്ഷയോടു ബന്ധപ്പെട്ടുമിരിക്കുന്നു
- **മനുഷ്യപുത്രൻ**
    - ആരോഹണം ചെയ്ത ക്രിസ്തുവിനെ മനുഷ്യപുത്ര നായി സ്തെഫാനോസ് കണ്ടു; സ്വർഗത്തിലിരി ക്കുന്ന ക്രിസ്തുവിന് ഇപ്പോഴും മനുഷ്യത്വമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു; അവന് ഇപ്പോഴും അവന്റെ മനുഷ്യ പ്രകൃതമുണ്ട്
- **ദൈവം**
    - നമ്മുടെ ദൈവമെന്ന നിലയിൽ ക്രിസ്തു സഭയെ വിലയ്ക്കു വാങ്ങിയവനാണ്, തന്റെ സ്വന്ത രക്തത്താൽ സഭയെ നേടിവനാണ്
    - ക്രിസ്തു ദൈവ-മനുഷ്യനായി ക്രൂശിൽ മരിച്ചു; നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി അവിടെ അവൻ ചൊരിഞ്ഞ രക്തം മനുഷ്യനായ യേശുവിന്റെ രക്തം മാത്രമല്ല, ദൈവ-മനുഷ്യന്റെ രക്തവുമായിരുന്നു
- **എല്ലാവരുടെയും കർത്താവ്**
    - ആരോഹണം ചെയ്ത ക്രിസ്തു ഭൂമിയിലെ എല്ലാ വ്യത്യസ്ത വംശങ്ങളുടെയും ജനങ്ങളുടെയും കർത്താവാണ്; അവന് മുഖപക്ഷമില്ല
- **ന്യായാധിപൻ**
    - ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപനാ യിരിക്കുവാൻ ക്രിസ്തു ദൈവത്താൽ നിയുക്തനാക്കപ്പെട്ടിരിക്കുന്നു
- **വിശ്വാസികളുടെ വിശ്വാസത്തിന്റെ വിഷയം കർത്താവായ യേശുവാണ്**
    - കർത്താവായ യേശുവിൽ വിശ്വസിക്കുന്നത് ക്രിസ്തു എന്ന വ്യക്തിയിലും അവൻ നിവർത്തിച്ച എല്ലാറ്റിലും നിൽക്കുന്നതാണ്; അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ വിശ്വാസത്തെ സംരചിക്കുന്നു